LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) നോർക്ക റൂട്ട്സ് 2005-ൽ ഒരു പ്രൈവറ്റ് കമ്പനി ആയിരുന്നപ്പോൾ 28-11-2005-ൽ കൂടിയ നോർക്ക റൂട്ട്സിന്റെ പതിനഞ്ചാമത് ഡയറക്ടർ ബോർഡ് യോഗ തീരുമാന പ്രകാരം താൽക്കാലിക ജീവനക്കാരായി ജോലി ചെയ്തിരുന്ന 26 പേരെ സ്ഥിരപ്പെടുത്തുകയുണ്ടായി.

(ബി) സീനിയർ എക്സിക്യൂട്ടീവ്, സിസ്റ്റം അഡ്മിനിസ്ട്രേറ്റർ, അക്കൗണ്ടന്റ്, ജൂനിയർ എക്സിക്യൂട്ടീവ്, പേഴ്സണൽ അസിസ്റ്റന്റ്, ഡ്രൈവർ, അറ്റൻഡർ, സ്വീപ്പർ എന്നീ തസ്തികയിലുള്ള ജീവനക്കാരെയാണ് സ്ഥിരപ്പെടുത്തിയത്. 2005-ൽ സ്ഥിരപ്പെടുത്തിയ ജീവനക്കാർ എല്ലാവരും അന്ന് നിലവിലുള്ള സർവ്വീസ് റൂൾസ് പ്രകാരം നിശ്ചിത യോഗ്യതയുള്ളവർ ആയിരുന്നു.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്. (ജി.ഒ. (എംഎസ്.) നമ്പർ 01/2011/നോർക്ക തീയതി 24-2-2011)*

തദ്ദേശസ്ഥാപന തിരഞ്ഞെടുപ്പിൽ പ്രവാസികൾക്ക് വോട്ടവകാശം

54 (5401) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ പ്രവാസികൾ വോട്ട് രേഖപ്പെടുത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുവാൻ രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം വിളിച്ച് ചേർത്തിരുന്നുവോ ;

(ബി) പ്രസ്തുത യോഗം എന്നായിരുന്നുവെന്നും, ആരെല്ലാം പങ്കെടുത്തു എന്നും വ്യക്തമാക്കുമോ ;

(സി) ഈ യോഗത്തിന്റെ തീരുമാനങ്ങൾ എന്തെല്ലാമാണ് ;

(ഡി) പ്രവാസി വോട്ടവകാശം വിനിയോഗിക്കുന്നതിനെപ്പറ്റി വിസ്മമതം അറിയിക്കുകയോ, പിന്നീട് അഭിപ്രായം പറയാം എന്ന് രേഖപ്പെടുത്തുകയോ ചെയ്ത കക്ഷികളുണ്ടോ ; എങ്കിൽ ആരെല്ലാമാണ് ;

(ഇ) യോഗത്തിന്റെ പൊതുവികാരം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(എഫ്) തദ്ദേശസ്ഥാപന തെരഞ്ഞെടുപ്പിൽ വോട്ടവകാശം വിനിയോഗിക്കുന്നതിന് പ്രവാസികൾക്ക് അവസരം ഒരുക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

ഉത്തരം

(എ) യോഗം വിളിച്ചിരുന്നു.

(ബി) 9-7-2015-നാണ് യോഗം വിളിച്ചിരുന്നത്. യോഗത്തിൽ പങ്കെടുത്തവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) 1. പ്രവാസികളുടെ പാസ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള സ്ഥലം ഉൾക്കൊള്ളുന്ന നിയോജകമണ്ഡലത്തിലെ വോട്ടർപട്ടികയിൽ പ്രവാസികളുടെ പേര് ഉൾപ്പെടുത്താം എന്ന നിയമഭേദഗതിയിൽ നിലവിൽ മാറ്റം വരുത്തേണ്ടതില്ല;

2. പ്രോക്സി (proxy) വോട്ടിംഗ് സമ്പ്രദായം അനുവദിക്കേണ്ടതില്ല.

3. ഓൺലൈൻ വോട്ടിംഗ് രീതി അനുവദിക്കുന്ന കാര്യത്തിൽ ചില കക്ഷിനേതാക്കൾ പ്രകടിപ്പിച്ച ആശങ്കയുടെ അടിസ്ഥാനത്തിൽ പ്രസ്തുത കക്ഷികളുടെ അഭിപ്രായം 15-7-2015-നകം അറിയിക്കുവാനും, ആയതിനുശേഷം തീരുമാനം കൈക്കൊണ്ട് കേരള സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കുവാനും തീരുമാനിച്ചു.

(ഡി&ഇ) പ്രവാസി വോട്ടവകാശം വിനിയോഗിക്കുന്നതിനെപ്പറ്റി ആരും വിസമ്മതം പ്രകടിപ്പിച്ചിരുന്നില്ല, എന്നാൽ വോട്ടവകാശം ഏതു മാർഗ്ഗത്തിൽ വിനിയോഗിക്കാം എന്നതിന്മേൽ നടന്ന ചർച്ചയിൽ പ്രോക്സി വോട്ടിംഗ് രീതി പ്രായോഗികമല്ല എന്ന പൊതു അഭിപ്രായം ഉണ്ടായി. ഓൺലൈൻ വോട്ടിംഗ് രീതിയിന്മേലും കൃത്രിമം നടക്കാൻ സാദ്ധ്യതയുള്ളതായി ചില കക്ഷി നേതാക്കൾ സംശയം പ്രകടിപ്പിക്കുകയുണ്ടായി.

(എഫ്) പ്രവാസി കേരളീയർക്ക് തദ്ദേശസ്വയംഭരണ തെരഞ്ഞെടുപ്പിൽ വോട്ടവകാശം നൽകുന്നതിലേക്കായി 1950-ലെ ജനപ്രാതിനിധ്യ നിയമത്തിലെ 21 (എ) വകുപ്പിലെ വ്യവസ്ഥകൾ ആധാരമാക്കി കേരളാ പഞ്ചായത്ത് രാജ്/കേരള മുനിസിപ്പൽ നിയമങ്ങളിലെ സമാനമായ വകുപ്പുകൾക്ക് ഭേദഗതി വരുത്തിയിട്ടുണ്ട്. പ്രസ്തുത നിയമഭേദഗതിക്കനുസൃതമായി കേരളാ പഞ്ചായത്ത് രാജ് (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിലും ഭേദഗതി വരുത്തിയിട്ടുണ്ട്. ആയത് പ്രകാരം പഞ്ചായത്തുകളിലെ വോട്ടർ പട്ടികയിൽ പ്രവാസികളുടെ പേര് ചേർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കേരളാ മുൻസിപ്പാലിറ്റി (സമ്മതിദായകരുടെ രജിസ്ട്രേഷൻ) ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്ന നടപടി അന്തിമ ഘട്ടത്തിലാണ്. എന്നാൽ വോട്ടവകാശം വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗം സംബന്ധിച്ച അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly